LIBRARY ARCHIVES Kerala Legislative Assembly

തിരുനെൽവേലിയിൽനിന്നും തൃശ്ശൂരിലേക്ക് 400 കെ. വി. ലൈൻ വലിക്കുന്ന നടപടി

*25 [83] ശ്രീ. പി. എസ്. സുപാൽ:
,, ബിനോയ് വിശ്വം:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ തമിഴ്നാട്ടിലെ തിരുനെൽവേലിയിൽനിന്നും തൃശ്ശൂരിലേക്ക് 400 കെ. വി. ലൈൻ വലിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ടോ;

(ബി) ഇത്തരത്തിലൊരു ലൈൻ വലിക്കുന്നത് സംബന്ധിച്ച് എത്ര സർവ്വേകൾ ഇതിനകം നടന്നുകഴിഞ്ഞെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലൊരു പദ്ധതിയെപ്പറ്റി സംസ്ഥാനഗവൺമെന്റിന് എന്തെങ്കിലും അറിവ് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഒരു പ്രാഥമിക സർവ്വേ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 400 കെ. വി. ലൈൻ വലിക്കുന്നതിനുള്ള വിശദമായ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 16-3-2004-ൽ ബാഗ്ലൂരിൽ കൂടിയ 134-ാമത്തെ എസ്. ആർ. ഇ. ബി. മീറ്റിംഗിൽ മേൽപറഞ്ഞ സ്കീമിന് അനുമതി നൽകിയിട്ടുണ്ട്.

വൈദ്യുതി വിതരണ രംഗത്തെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ

*26 [84] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി വിതരണ രംഗത്തെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചട്ടങ്ങൾ തയ്യാറാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ പുനഃപരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരമാണ് റഗുലേറ്ററി കമ്മീഷന് അധികാരം ലഭിക്കുന്നതെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;